# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – പെർഫോമൻസ് ഓഡിറ്റ്-ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് -ഈന്തുംവാലി-വീട്ടിക്കുണ്ട് പട്ടിക വർഗ്ഗ കോളനി റോഡു നിർമ്മാണത്തിൽ ക്രമക്കേടുണ്ടായി എന്ന പരാതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ സി. ശങ്കരനെതിരായ നടപടികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്

സ.ഉ.(ആർ.ടി.)നം.2176/2015/തസ്വഭവ          തീയ്യതി,തിരുവനന്തപുരം, 20.07.2015

---

പരാമർശം :-1.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.11.2006 ലെ E10 (SC 10/2006/MPM)2783/2006 നം. കത്ത്
2.17.09.2007 ലെ 6603/എഎ 3/2007/തസ്വഭവ നം. കത്ത്
3. ശ്രീ.സി. ശങ്കരൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ 20.09.2008 ലെ കത്ത്
4. മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 23.12.2008 ലെ എ 1- 202/2008 നം. കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിൽ 2003-04 സാമ്പത്തിക വർഷം ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിൽപ്പെടുത്തി പണിചെയ്ത 'ഈന്തുവാലി- വീട്ടിക്കുണ്ട് ' പട്ടിക വർഗ്ഗ കോളനി റോഡുമായി ബന്ധപ്പെട്ട് വ്യാപകമായ അഴിമതിയും ഭക്ഷ്യധാന്യ വിതരണത്തിൽ തിരിമറിയും നടന്നിട്ടുള്ളതായി വിജിലൻസ് മലപ്പുറം ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പരാമർശം (1) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം 2007 ജൂലൈ മാസം 20, 21 തീയതികളിൽ പ്രത്യേക അന്വേഷണം നടത്തുകയുണ്ടായി.

2. ഒരു ലക്ഷത്തി പതിനാറായിരം രൂപ അടങ്കലുള്ള പദ്ധതിയിൽ തനത് ഫണ്ടിൽ നിന്ന് 23,000 രൂപയും 93,000/- രൂപയുടെ ഭക്ഷ്യ ധാന്യവുമാണ് പദ്ധതിയ്ക്കായി അനുവദിച്ചിരുന്നത്. തറ നിരപ്പിൽ നിന്നും വളരെ ഉയരത്തിലുള്ള മലയിലാണ് 210 മീറ്റർ നീളമുള്ള റോഡ് നിർമ്മിക്കാൻ ഉദ്ദേശിരുന്നത്. ഓഡിറ്റ്

സംഘം സ്ഥലം സന്ദർശിച്ചതിൽ, 100 മീ. നീളത്തിൽ മാത്രമേ എന്തെങ്കിലും പ്രവൃത്തി നടന്നിട്ടുള്ളൂ എന്നും, ബാക്കിയുള്ള 110 മീറ്റർ കല്ലുകൾ നിറഞ്ഞ് നടന്നുപോകാൻ പോലും പ്രയാസമുള്ള സ്ഥലമായി കണ്ടതായുമാണ് റിപ്പോർട്ട് ചെയ്തത്. ഏതാനും ഗുണഭോക്തൃ സമിതി അംഗങ്ങൾക്ക് ഏകദേശം 15 ദിവസം ജോലി നല്കിയതായി തദ്ദേശവാസികളിൽ നിന്നും അറിയാൻ കഴിഞ്ഞതായും ഇവർക്ക് ജോലി ചെയ്ത ദിവസങ്ങളിൽ 120 രൂപ വീതം കൂലിയായി നല്കിയിരുന്നുവെങ്കിലും, ഭക്ഷ്യ ധാന്യം വിതരണം ചെയ്തിരുന്നില്ലെന്നും, ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്.

3. പദ്ധതി വിഭാവനം ചെയ്തതു പോലെ പൂർത്തിയാക്കാതെ മുഴുവൻ തുകയും ചെലവഴിച്ചതായി രേഖയുണ്ടാക്കി, പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാക്കിയതിന് ഉത്തരവാദികളായി ഓഡിറ്റ് കണ്ടെത്തിയ പഞ്ചായത്ത് സെക്രട്ടറി ശ്രീ. അബ്ദുൾ കരീം, അസിസ്റ്റന്റ് എഞ്ചിനീയറുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. സി. ശങ്കരൻ എന്നിവരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് തിരികെ ഈടാക്കുന്നതിന് പരാമർശം (2) മുഖാന്തിരം നിർദ്ദേശം നല്കിയിരുന്നു. എന്നാൽ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് മേൽ കാലയളവിൽ നടപ്പിലാക്കിയ എസ്.ജി.ആർ.വൈ. പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കുക മാത്രമേ താൻ ചെയ്തിട്ടുള്ളൂവെന്നും, പ്രവൃത്തിയെ സംബന്ധിച്ച്, പഞ്ചായത്ത് സെക്രട്ടറിയും ഗുണഭോക്തൃ കൺവീനറും തമ്മിലുള്ള കരാറിനെപ്പറ്റിയോ പ്രവൃത്തി ആരംഭിക്കുന്നതിനെക്കുറിച്ചോ തനിക്ക് യാതൊരു വിധ അറിയിപ്പും ലഭിച്ചിട്ടില്ലായെന്നും, ഭക്ഷ്യധാന്യം വിതരണം ചെയ്തത് തന്റെ അറിവോടെ അല്ലെന്നും, ആയതിനാൽ ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്നും കാണിച്ച് ശ്രീ. സി. ശങ്കരൻ പരാമർശം (3) ലെ കത്തു മുഖാന്തിരം സർക്കാരിൽ അപേക്ഷിക്കുകയുണ്ടായി.

4. 15.10.2007 ൽ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 93,000/- രൂപയുടെ അരി വിതരണംനടത്തിയിട്ടുള്ളതായും, സർക്കാർതല അന്വേഷണത്തിനു ശേഷം പ്രവൃത്തി പൂർത്തീകരിച്ചതായും ശ്രീ. സി. ശങ്കരൻ, അസിസ്റ്റന്റ് എഞ്ചിനീയർ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതൊഴികെ മറ്റൊരു വിധത്തിലും ഉൾപ്പെട്ടിട്ടില്ലെന്നും, മലപ്പുറം ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി. ശങ്കരന്റെ അപേക്ഷ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമായി

പരിശോധിക്കുകയുണ്ടായി. റോഡു നിർമ്മാണ പ്രവൃത്തി, സർക്കാർതല അന്വേഷണത്തിന് ശേഷം തൃപ്തികരമായി പൂർത്തിയാക്കിയെന്നും, പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതൊഴികെയുള്ള തുടർ പ്രവൃത്തികളൊന്നും ശ്രീ സി. ശങ്കരന്റെ അറിവോടെയല്ല നടത്തിയതെന്നുമുള്ള മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടും, നിലവിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും, ശ്രീ. ശങ്കരനെതിരെ വ്യക്തമായ തെളിവുകളൊന്നും നിലനില്ക്കുന്നതായി കാണാത്തതിനാലും, പരാമർശം (2) പ്രകാരം നിശ്ചയിച്ച് ബാധ്യതയിൽ നിന്നും, തുടർ നടപടികളിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ ശങ്കരനെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി. വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (ഭരണം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ശ്രീ. സി. ശങ്കരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പബ്ലിക് വർക്സ്(റോഡ്സ്) ഡിപ്പാർട്ട്മെന്റ്, കല്പറ്റ സബ് ഡിവിഷൻ, വയനാട്
സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് , മലപ്പുറം,
സെക്രട്ടറി, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് , മലപ്പുറം
എക്സിക്യൂട്ടീവ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ